**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1855 — 11.02.2020 ൽ മറുപടിക്ക്

## പൗരത്വ ഭേദഗതി ബിൽ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ പാസ്സാക്കിയ 2019-ലെ പൗരത്വഭേദഗതി ബിൽ ഭരണഘടന വിഭാവന ചെയ്യുന്ന മതനിരപേക്ഷ രാഷ്ട്രം എന്നതിന് വിരുദ്ധമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. ദേശീയ പൗരത്വ ഭേദഗതി നിയമം-2019, ഭരണഘടനയുടെ അടിസ്ഥാന ഘടനയായ മതനിരപേക്ഷ മൂല്യത്തെ തകർക്കുന്നതാണെന്നും ആയതിനാൽ നിയമനിർമ്മാണ സഭയുടെ അധികാരങ്ങൾക്കുള്ളിൽ നിന്നു കൊണ്ടുള്ളതല്ലെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഭരണഘടനയുടെ അനുഛേദം 131 പ്രകാരം അനുവദിച്ച് നൽകിയിട്ടുള്ള ഭരണഘടനാവകാശം വിനിയോഗിച്ച് പൗരത്വ ഭേദഗതി നിയമം-2019 ന്റെ ഭരണഘടനാ സാധുത ആരാഞ്ഞുകൊണ്ട് ബഹു.സുപ്രീംകോടതി മുമ്പാകെ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്. |
| (ബി) | അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമ ഭേദഗതി സംസ്ഥാനം നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; | | |
| (സി) | പാർലമെന്റ് പാസ്സാക്കുന്ന എല്ലാ നിയമങ്ങളും നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് ബാധ്യതയുണ്ടോ; | (സി) | ഭരണഘടനയിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനുമുള്ള അധികാരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനാ വ്യവസ്ഥ അനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുവാൻ സംസ്ഥാന സർക്കാരിന് ബാധ്യതയുണ്ട്. |
| (ഡി) | പൗരത്വഭേദഗതി ബിൽ സംബന്ധിച്ച് | (ഡി) | നയപ്രഖ്യാപന പ്രസംഗത്തിലെ 18-ാം |

| | | | |
|---|---|---|---|
| | 2020-ലെ നയപ്രഖ്യാപനത്തിൽ 18-ാം ഖണ്ഡികയിൽ ഉൾക്കൊള്ളിച്ചിരുന്ന കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാന ഭരണത്തലവൻ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ അതിനുള്ള കാരണം സർക്കാരിനെ അറിയിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ? | | ഖണ്ഡിക ഉൾപ്പെടെ ബഹു മാനപ്പെട്ട ഗവർണ്ണർ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ